പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2685

12/03/2018-ൽ മറുപടിക്ക്

## പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോങ്ങാട് മണ്ഡലത്തിൽ പുതിയതായി അനുവദിച്ച ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജ്, പത്തിരിപ്പാലയുടെ കെട്ടിട നിർമ്മാണത്തിനായി 10 കോടി രൂപ ലഭ്യമാക്കിയിട്ടും നാളിതുവരെ ആയതിന്റെ പണി തുടങ്ങുന്നതിന് കഴിയാത്തതെന്തു കൊണ്ടാണ്; വിശദവിവരം നൽകുമോ; | (എ) (ബി) & (സി) | കോങ്ങാട് മണ്ഡലത്തിലെ പുതുതായി അനുവദിച്ച പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിനാവശ്യമായ ഫണ്ടിനായുള്ള DPR തയ്യാറാക്കുന്ന പ്രവൃത്തി KITCO-യിൽ പുരോഗമിക്കുന്നു. DPR -ന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 22/11/2017-ൽ ബഹു.എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തി കോളേജിന് വേണ്ട സൗകര്യങ്ങളുടെ പട്ടിക തയ്യാറാക്കിയിരുന്നു. ഇത് പ്രകാരമുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) ഇക്കാര്യത്തിൽ വന്നിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | | |
| (സി) നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിന് ഇനിയും കാലതാമസമുണ്ടാകുമോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ